**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഫോർമാലിൻ, അമോണിയ ഇവ കലർന്ന മൽസ്യത്തിന്റെ വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനത്തിലും മനുഷ്യ ശരീരത്തിനു ഹാനികരമായ മാരക വിഷാംശങ്ങളായ ഫോർമാലിൻ, അമോണിയ എന്നിവ കലർന്നതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായ മായം ചേർക്കുന്നതായുള്ള പത്ര വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി ‘ഓപ്പറേഷൻ മത്സ്യ’ എന്ന പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും 2022 ഏപ്രിൽ മുതൽ സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെ യുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുമുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 2022 ഒക്ടോബർ 31 വരെ 6,706 മത്സ്യ പരിശോധനകൾ നടത്തുകയും 3,813 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 527 വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 35,495 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 6,95,000/-രൂപ വിവിധ വ്യക്തികൾ/ സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. ഇത്തരത്തിൽ കുറ്റക്കാരായ വ്യക്തികൾ ക്കെതിരെ 2 അഡ്ജ്യൂഡിക്കേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നതും സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യങ്ങളിൽ മായം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പുമായി സംയോജിച്ച് ജില്ലകൾ തോറും സ്ക്വാഡുകൾ രൂപീകരിച്ച് ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മാർക്കറ്റുകൾ, മൊത്ത വിതരണ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ |

| | | | |
|---|---|---|---|
| | | | നടത്തി വരുന്നു. തദവസരങ്ങളിൽ ഫോർമാലിൻ, അമോണിയ എന്നീ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോ എന്ന് തത്സമയം തന്നെ പരിശോധിക്കുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത 'പേപ്പർ സ്ട്രിപ്' സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റ് പ്രയോജനപ്പെടുത്തി വരുന്നു. 'Hi Media Pvt. Ltd' എന്ന കമ്പനി ആയത് വിപണിയിൽ എത്തിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലാബുകളിൽ പരിശോധന നടത്താറുമുണ്ട്. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യ വില്പന ഉറപ്പു വരുത്താൻ കഴിയുന്ന വിധത്തിൽ "കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021" രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് മായം കലർന്ന മത്സ്യം പിടികൂടി നശിപ്പിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായ മായം ചേർക്കുന്നതായുള്ള പത്ര വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും 2022 ഏപ്രിൽ മുതൽ സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെ യുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുമുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 2022 ഒക്ടോബർ 31 വരെ 6,706 മത്സ്യ പരിശോധനകൾ നടത്തുകയും 3,813 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 527 വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 35,495 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 6,95,000/-രൂപ വിവിധ വ്യക്തികൾ/ സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. ഇത്തരത്തിൽ കുറ്റക്കാരായ വ്യക്തികൾ ക്കെതിരെ 2 അഡ്ജ്യൂഡിക്കേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നതും സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യങ്ങളിൽ മായം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പുമായി സംയോജിച്ച് ജില്ലകൾ തോറും സ്ക്വാഡുകൾ രൂപീകരിച്ച് ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മാർക്കറ്റുകൾ, മൊത്ത വിതരണ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. തദവസരങ്ങളിൽ ഫോർമാലിൻ, അമോണിയ എന്നീ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോ എന്ന് തത്സമയം തന്നെ പരിശോധിക്കുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത 'പേപ്പർ സ്ട്രിപ്' സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റ് പ്രയോജനപ്പെടുത്തി വരുന്നു. 'Hi Media Pvt. Ltd' എന്ന കമ്പനി ആയത് വിപണിയിൽ എത്തിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലാബുകളിൽ പരിശോധന നടത്താറുമുണ്ട്. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യ വില്പന ഉറപ്പു വരുത്താൻ കഴിയുന്ന വിധത്തിൽ "കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021" രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നതും സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യങ്ങളിൽ മായം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ആണ് ഉള്ളതെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായ മായം ചേർക്കുന്നതായുള്ള പത്ര വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും 2022 ഏപ്രിൽ മുതൽ സംസ്ഥാന വ്യാപകമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെ യുള്ള മത്സ്യം പരിശോധിയ്ക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുമുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 2022 ഒക്ടോബർ 31 വരെ 6,706 മത്സ്യ പരിശോധനകൾ നടത്തുകയും 3,813 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 527 വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 35,495 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത |

| | | | |
|---|---|---|---|
| | | | മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 6,95,000/-രൂപ വിവിധ വ്യക്തികൾ/ സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. ഇത്തരത്തിൽ കുറ്റക്കാരായ വ്യക്തികൾ ക്കെതിരെ 2 അഡ്ജ്യൂഡിക്കേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നതും സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യങ്ങളിൽ മായം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പുമായി സംയോജിച്ച് ജില്ലകൾ തോറും സ്ക്വാഡുകൾ രൂപീകരിച്ച് ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മാർക്കറ്റുകൾ, മൊത്ത വിതരണ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. തദവസരങ്ങളിൽ ഫോർമാലിൻ, അമോണിയ എന്നീ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോ എന്ന് തത്സമയം തന്നെ പരിശോധിക്കുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത 'പേപ്പർ സ്ട്രിപ്' സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റ് പ്രയോജനപ്പെടുത്തി വരുന്നു. 'Hi Media Pvt. Ltd' എന്ന കമ്പനി ആയത് വിപണിയിൽ എത്തിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലാബുകളിൽ പരിശോധന നടത്താറുമുണ്ട്. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യ വില്പന ഉറപ്പു വരുത്താൻ കഴിയുന്ന വിധത്തിൽ "കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021" രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പരിശോധനയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ; ഇത്തരത്തിൽ 2022 ജനുവരി മുതൽ നാളിതുവരെയായി നടത്തിയ പരിശോധനകൾ, കണ്ടെത്തലുകൾ, സ്വീകരിച്ച നടപടികൾ എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | ഭക്ഷ്യ സുരക്ഷാവകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളാണ് നിലവിലുള്ളത്. ഈ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരെ ഉൾപ്പെടുത്തി പരിശോധനകളുടെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആയതിന്റെ സംസ്ഥാനതലത്തിലുള്ള മേൽനോട്ട ത്തിനായി ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ എൻഫോഴ്സ്മെന്റും, ജില്ലാ തലത്തിൽ 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുമാണ് |

| | | | |
|---|---|---|---|
| | | | നിലവിലുള്ളത്. പ്രസ്തുത പരിശോധനയ്ക്കായി ഫിഷറീസ് വകുപ്പ് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും കണ്ടെത്തലുകൾ/ സ്വീകരിച്ച നടപടികൾ എന്നിവ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഇവർ വീണ്ടും സമാനമായ കുറ്റകൃത്യം ചെയ്യുന്നില്ല എന്നുറപ്പുവരുത്തുവാൻ സ്വീകരിക്കുന്ന നടപടി എന്താണെന്ന് വിശദമാക്കുമോ ? | (ഇ) | ഒരിക്കൽ കുറ്റകൃത്യത്തിൽ ഏർപ്പെട്ട വ്യക്തികളോ സ്ഥാപനങ്ങളോ വീണ്ടും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി നിരന്തരം പരിശോധനകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| ക്രമ നം | ജില്ല | | ഉദ്യോഗസ്ഥരുടെ വിവരങ്ങൾ | കണ്ടെത്തലുകൾ/സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | | ശ്രീ.ദിലീപ് കുമാർ, അസിസ്റ്റന്റ്ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, | ഫിഷറീസ് വകുപ്പും ഭക്ഷ്യ സുരക്ഷാവകുപ്പും സംയുക്തമായി 2022 ജനുവരി മുതൽ നാളിതുവരെ 3 പരിശോധനകൾ നടത്തുകയും 47 ഓളം സാമ്പിളുകൾ പരിശോധനയ്ക്കായി ഭക്ഷ്യ സുരക്ഷാവകുപ്പ് ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പ്രഥമദൃഷ്ട്യ അഴുകിയ നിലയിൽ കണ്ടെത്തിയ 250 കിലോഗ്രാം മത്സ്യം പിടിച്ചെടുത്ത് ഈ കാലയളവിൽ നശിപ്പിച്ചിട്ടുണ്ട് |
| 2 | കൊല്ലം | | ശ്രീമതി റീന എ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് സ്റ്റേഷൻ, നീണ്ടകര | 2022 ജനുവരി മുതൽ നാളിതുവരെ 42 പരിശോധനകൾ നടത്തിയതിൽ 90 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാവകുപ്പിൽ ഏൽപ്പിക്കുകയും ഗുണനിലവാരമില്ലാത്ത 200 കിലോഗ്രാം മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട് |
| 3 | ആലപ്പുഴ | 1 | ശ്രീമതി ലീന ഡെന്നീസ്, അസിസ്റ്റന്റ്ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2022 ജനുവരി മുതൽ 62 പരിശോധനകൾ നടത്തിയിട്ടുണ്ട്. 562 കിലോഗ്രാം മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട് |
| | | 2 | ശ്രീ.ദിപു.എം, ഫിഷറീസ് ഓഫീസർ | |
| 4 | കോട്ടയം | 1 | കണ്ണൻ പി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടയം | 2022 ജനുവരി മുതൽ നാളിതുവരെയായി ഫിഷറീസ് വകുപ്പും, ഭക്ഷ്യ സുരക്ഷാ വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായി 120 പിരശോധനകൾ കോട്ടയം ജില്ലയിൽ നടത്തിയിട്ടുണ്ട്. ആകെ 846.9 കി.ഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയുണ്ടായി |
| | | 2 | ശ്രീമതി പ്രിയാമോൾ വി.എസ്, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, വൈക്കം | |
| | | 3 | രശ്മി പി.രാജൻ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, | |

| | | | | |
|---|---|---|---|---|
| | | | വൈക്കം | |
| | | 4 | പ്രീതി സി, ഫിഷറീസ് ഓഫീസർ, പള്ളം | |
| | | 5 | പ്രേമോൾദാസ്, ഫിഷറീസ് ഓഫീസർ, പാല | |
| 5 | ഇടുക്കി | | ശ്രീ.നൗഷാദ് ബി, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2022 ജനുവരി മുതൽ നാളിതുവരെ നടത്തിയ 9 പരിശോധകളിലായി 236.45 കി.ഗ്രാം മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയുണ്ടായി |
| 6 | പത്തനംത്തിട്ട | | ശ്രീ.സുഭാഷ് സി.എൽ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | പത്തനംത്തിട്ട ജില്ലയിൽ 2022 ജനുവരി മുതൽ നാളിതുവരെ 61 മത്സ്യ വിപ ണന കേന്ദ്രത്തിൽ പിരശോധന നടത്തുകയും ഫോർമാലിൻ ചേർന്ന മത്സ്യം ഉൾപ്പെടെ 135.9 കി.ഗ്രാം മത്സ്യം പിടികൂടി നശിപ്പിച്ചിട്ടുണ്ട്. 19 കച്ചവട സ്ഥാപനങ്ങളിൽ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 7 | എറണാകുളം | | ആശ ബാബു ആർ, ഫിഷറീസ് ഓഫീസർ | 122 വൻകിട/ചെറുകിട വിൽപ്പനശാലകളിൽ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധിച്ചിട്ടുണ്ട്. 33.165 കി.ഗ്രാം ഭക്ഷണയോഗ്യ മല്ലാത്ത മത്സ്യം നശിപ്പിച്ചിട്ടുണ്ട്. |
| 8 | തൃശ്ശൂർ | | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അഴീക്കോട് | 89 പരിശോധനകൾ നടത്തുകയും 54 സാമ്പിളുകൾ തുടർ പരിശോധനയ്ക്കായി ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ ലാബിൽ ശേഖരിച്ചിട്ടുണ്ട് |
| 9 | പാലക്കാട് | 1.<br>2. | ശ്രീമതി. മൈന സോമരാജ്.വി, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ<br>ശ്രീമതി. സീതാലക്ഷ്മി, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഭക്ഷ്യ സുരക്ഷാവകുപ്പമായി ചേർന്ന് 7 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട് |
| 10 | കോഴിക്കോട് | 1 | ശ്രീമതി. മെർലിൻ അലക്സ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, താമരശ്ശേരി | 2022 ജനുവരി മുതൽ നാളിതുവരെ 42 പരിശോധന കൾ നടത്തുകയും ഫോർമാലിൻ കലർന്ന മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ |

| | | | | |
|---|---|---|---|---|
| | | 2 | ശ്രീ. സുനീർ.വി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, കോഴിക്കോട് | നശിപ്പിക്കുകയും ചെയ്തു വരുന്നു. |
| 11 | മലപ്പുറം | 1.<br>2. | ശ്രീ.ശ്രീജേഷ്.കെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, പൊന്നാനി,<br>ശ്രീമതി. ഗ്രോസി.കെ.പി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, താനൂർ | മലപ്പുറം ജില്ലയിൽ ഈ വർഷം 36 സംയുക്ത പരിശോധനകൾ നടത്തുകയും 180 സാമ്പിളുകൾ പരിശോധിക്കുകയും 3 ഇടങ്ങളിൽ നിന്നും ഫോർമാലിൻ കലർന്ന മത്സ്യം കണ്ടെത്തി നശിപ്പിക്കുകയും വിൽപ്പന ആവർത്തിക്കരുതെന്ന് താക്കീത് നൽകുകയും ആവർത്തിച്ചാൽ ഭക്ഷ്യ സുരക്ഷ നിയമം അനുസരിച്ച് നിയമ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട് |
| 12 | വയനാട് | | ശ്രീമതി. സരിത, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2022 വർഷം ആകെ 4 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്. ഫോർമാലിൻ അമോണിയ എന്നിവയുടെ സാന്നിധ്യം കണ്ടെത്തിയിട്ടില്ല |
| 13 | കണ്ണൂർ | | ശ്രീ. ടി.ആർ.രാജേഷ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2022 വർഷം ഭക്ഷ്യ സുരക്ഷ വകുപ്പുമായി ചേർന്ന് 2 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്. പരിശോധനയിൽ രാസവസ്തുക്കൾ കലർന്ന മത്സ്യം കണ്ടെത്തിയിട്ടില്ല. |
| 14 | കാസർഗോഡ് | 1.<br>2 | ശ്രീ.അനിൽകുമാർ എ.ജി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, കാസർഗോഡ്,<br>ശ്രീ.പോൾ എം.എഫ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, കാഞ്ഞങ്ങാട് | 2022 വർഷം ആകെ 4 പരിശോധനകൾ നടത്തുകയും ഭക്ഷ്യയോഗ്യമല്ലാത്ത 200 കി.ഗ്രാം മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |